"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നമ്പർ.ബി3/128/2025/മതുവ
മത്സ്യബന്ധന തുറമുഖ (ബി) വകുപ്പ്
തിരുവനന്തപുരം
തിയതി: 10-06-2025

<u>അനൗദ്യോഗിക കുറിപ്പ്</u>

വിഷയം:- മത്സ്യബന്ധന വകുപ്പ് - 2025 ജൂൺ 10 മുതൽ ജൂലൈ 31 വരെ 52 ദിവസക്കാലം ട്രോൾ ബാൻ ഏർപ്പെടുത്തുന്നത് - സംബന്ധിച്ച്.

സൂചന:- 09.06.2024 തിയതിയിലെ S.R.O No.650/2025 നമ്പർ വിജ്ഞാപനം (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു).

സൂചനയിലേക്ക് പൊതുഭരണ (എസ്.സി) വകുപ്പിന്റെ ശ്രദ്ധ ക്ഷണിക്കാവുന്നതും 05-06-2025ലെ മന്ത്രിസഭായോഗത്തിലെ ഇനം നം.3017 മന്ത്രിസഭാ യോഗ തീരുമാനം പ്രകാരം കേരള തീരപ്രദേശത്തെ കടലിൽ 10.06.2025 മുതൽ 31.07.2025 വരെ ട്രോളിംഗ് നിരോധനം ഏർപ്പെടുത്തികൊണ്ട് സൂചന പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനത്തിന്റെ പകർപ്പ് അറിവിലേക്കായി ടി വകുപ്പിനു അയച്ചു കൊടുക്കാവുന്നതുമാണ്.

ARUNIMA G
അണ്ടർ സെക്രട്ടറി

പൊതുഭരണ (എസ്.സി) വകുപ്പ്

ഉത്തരവിൻ പ്രകാരം

Signed by
Asbina A V
Date: 10-06-2025 11:51:03
സെക്ഷൻ ഓഫീസർ.

©
കേരള സർക്കാർ
Government of Kerala
2025

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY
ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 14<br>Vol. XIV | തിരുവനന്തപുരം,<br>തിങ്കൾ<br>Thiruvananthapuram,<br>Monday | 2025 ജൂൺ 09<br>09th June 2025<br>1200 ഇടവം 26<br>26th Idavam 1200<br>1947 ജ്യേഷ്ഠം 19<br>19th Jyaishta 1947 | നമ്പർ<br>No. 2123 |

GOVERNMENT OF KERALA

**Fisheries and Ports (B) Department**

NOTIFICATION

G.O. (P) No.10/2025/F&PD. *Dated, Thiruvananthapuram, 09th June, 2025*

*26th Idavam, 1200*

**S. R. O. No. 650/2025**

WHEREAS, clause (d) of sub–section (1) of section 4 of Kerala Marine Fishing Regulation Act, 1980 (Act 10 of 1981) read with rule 4 of the Kerala Marine Fishing Regulation Rules, 2018, empowers the Government to regulate, restrict, or prohibit the use of such fishing gear in any specified area, as may be prescribed and sub-section (2) of section 4 of the said Act stipulate the ground for invoking the powers under sub-section (1) of section 4 of the said Act;

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

AND WHEREAS, the Government of Kerala are convinced of the need to ban bottom trawling in the sea along the entire coastline of Kerala for conserving the fish wealth and thereby to protect the interest of persons engaged in fishing, particularly those engaged in fishing using traditional fishing crafts such as cattamarans, country crafts, canoes;

AND WHEREAS, it is necessary to conserve and regulate fishing on a scientific basis;

AND WHEREAS, it is imperative to maintain law and order in the sea and offshore of Kerala coast;

AND WHEREAS, there is need to avoid loss of human life and property due to accidents in the sea during squally weather conditions;

NOW, THEREFORE, in exercise of the powers conferred by sub section (1) of section 4 of the Kerala Marine Fishing Regulation Act, 1980 (Act 10 of 1981) read with rule 4 of the Kerala Marine Fishing Regulation Rules, 2018, the Government of Kerala hereby prohibit the use of bottom trawls in the sea, along the entire coastline of the State of Kerala within the area specified under G.O(P). No. 136/84/PWF&PD dated the 30th November, 1984, published as SRO No. 1496/84 in the Kerala Gazette Extra Ordinary No. 1055 dated the 3rd December, 1984 for a period of 52 days with effect from the 10th day of June, 2025 to 31st July, 2025 (both days inclusive).

By order of the Governor,
BISHWANATH SINHA
*Additional Chief Secretary*

**Explanatory Note**

(This does not form part of the notification, but is intended to indicate its general purport.)

Clause (d) of sub-section (1) of section 4 of Kerala Marine Fishing Regulation Act, 1980 (Act 10 of 1981) read with rule 4 of the Kerala Marine Fishing Regulation Rules, 2018, empowers the Government to regulate, restrict or prohibit the use of such fishing gear in any

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

specified area as may be prescribed and sub-section (2) of section 4 of the said Act stipulate the ground for invoking the powers under sub-section (1) of section 4 of the said Act. There have been persistent demands from various sections of fishing community for imposing ban on bottom trawling on the ground that the bottom trawling during the monsoon period would adversely affect the conservation of fish wealth and their share of earnings from fishing. Consequently there have been clashes between the fishermen belonging to the traditional sector and mechanized sector leading to serious law and order problems in the sea and in the coastal area. There have been frequent occurrences of squally weather conditions in the sea during monsoon leading to accidents resulting in loss of human life and property. The Government after considering all the aspects relating to the matter, particularly the adverse effect of bottom trawling have decided to ban bottom trawling, in the territorial waters of the State of Kerala for a period of 52 days in the monsoon season starting from the 10th day of June, 2025 to 31st July, 2025 (both days inclusive).

The notification is intended to achieve the above object.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2025

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2025.06.09 04:39:10 +05:30

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 05-06-2025

ഫയൽ നം. ബി3/128/2025/മതുവ. ഇനം നം: 3017

വിഷയം : മത്സ്യബന്ധന-തുറമുഖ വകുപ്പ് - കേരള തീരപ്രദേശത്തെ കടലിൽ 10.06.2025 മുതൽ 31.07.2025 വരെ ട്രോളിംഗ് നിരോധനം ഏർപ്പെടുത്തുന്നതിന് വിജ്ഞാപനം പുറപ്പെടുവിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

സ്പെഷ്യൽ സെക്രട്ടറി, മത്സ്യബന്ധന-തുറമുഖ വകുപ്പ്.

307

**കേരള സർക്കാർ**
**(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)**
**മന്ത്രിസഭായോഗത്തിനുളള കുറിപ്പ്**

| | | |
|---|---|---|
| 1 | ഫയൽ നമ്പർ | ബി3/128/2025/മതുവ |
| 2 | വകുപ്പ് | മത്സ്യബന്ധന തുറമുഖ (ബി) വകുപ്പ് |
| 3 | വിഷയം | കേരള തീരപ്രദേശത്തെ കടലിൽ 10.06.2025 മുതൽ 31.07.2025 വരെ ട്രോളിംഗ് നിരോധനം ഏർപ്പെടുത്തുന്നതിന് വിജ്ഞാപനം പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്. |
| 4 | മന്ത്രിസഭായോഗത്തിന് സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 02/06/2025 |
| 5 | (i) ഇത് സാമ്പത്തിക ബാദ്ധ്യത യുള്ളതാണോ?<br>(ii) സാമ്പത്തിക ബാദ്ധ്യതയുള്ള താണെങ്കിൽ ധനകാര്യവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ; | അല്ല |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച [illegible] സെക്രട്ടറിയുടെ പേര് | ശ്രീമതി [illegible] ജി. |
| 8 | കുറിപ്പ് അംഗീകരിച്ച സ്പെഷ്യൽ സെക്രട്ടറിയുടെ പേര് | ശ്രീ. അബ്ദുൾ നാസർ ബി. |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സ്പെഷ്യൽ സെക്രട്ടറി അംഗീകരിച്ച തീയതി | 02/06/2025 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ. എ. ജയതിലക്. |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 02/06/2025 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ. സജി ചെറിയാൻ |

| | | |
|---|---|---|
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 04/06/2025 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 04/06/2025 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

കേരള തീര കടലിൽ 2025 ജൂൺ 10 മുതൽ ജൂലൈ 31 വരെ (ജൂൺ 9 അർദ്ധ രാത്രി മുതൽ ജൂലൈ 31 അർദ്ധരാത്രി വരെ) രണ്ട് ദിവസവും ഉൾപ്പെടെ 52 ദിവസം ട്രോളിംഗ് നിരോധനം ഏർപ്പെടുത്തുന്നതിന് വിജ്ഞാപനം പുറപ്പെടുവിക്കുന്നതുമായി ബന്ധപ്പെട്ടുള്ളതാണ് ഈ കുറിപ്പ്.

2) 1988 മുതൽ എല്ലാ വർഷവും മൺസൂൺ കാലത്ത് കേരളത്തിന്റെ തീരക്കടലിൽ ട്രോളിംഗ് നിരോധനം ഏർപ്പെടുത്തിവരുന്നു. മത്സ്യ സമ്പത്ത് സംരക്ഷണവുമായി ബന്ധപ്പെട്ട് ഡോ.ബാലകൃഷ്ണൻ നായർ കമ്മിറ്റി റിപ്പോർട്ടിലെ ശിപാർശയുടെ അടിസ്ഥാനത്തിലാണിത്.

3) കേന്ദ്ര സർക്കാരിന്റെ ഫിഷറീസ്, മൃഗസംരക്ഷണ, ക്ഷീര മന്ത്രാലയത്തിന്റെ കീഴിലെ ഫിഷറീസ് വകുപ്പിന്റെ 04.04.2025 ലെ 30035/15/1997-എഫ്.വൈ (ടി-1)/Ind നമ്പർ ഉത്തരവ് പ്രകാരം പശ്ചിമ തീരത്തും, [ഗുജറാത്ത്, ദാമൻ & ദിയു, കർണ്ണാടക, ഗോവ, മഹാരാഷ്ട്ര, കേരളം, തമിഴ്നാട്, ലക്ഷദ്വീപ് ഉൾപ്പെടെ], പൂർവ്വതീരത്തും [പശ്ചിമബംഗാൾ, ഒഡീഷ, ആന്ധ്രാപ്രദേശ്, പുതുച്ചേരി, തമിഴ്നാട്, ആന്റമാൻ & നിക്കോബാർ ദ്വീപുകൾ ഉൾപ്പെടെ] തീരക്കടലിനപ്പുറം ഇൻഡ്യൻ എസ്‌ക്ലൂസീവ് എക്കണോമിക് സോണിൽ താഴെ പറയുന്ന കാലയളവിൽ പരമ്പരാഗത നോൺ മോട്ടോറൈസ്ഡ് യാനങ്ങൾ ഒഴികെയുള്ള എല്ലാത്തരം മത്സ്യബന്ധനത്തിനും ഏകീകൃത മത്സ്യബന്ധന നിരോധനം ഏർപ്പെടുത്താൻ ഉത്തരവായിട്ടുണ്ട്.

പൂർവ്വ തീരം -2025 ഏപ്രിൽ 15 മുതൽ ജൂൺ 14 വരെ

(രണ്ടു ദിവസവും ഉൾപ്പെടെ 61 ദിവസം)

പശ്ചിമതീരം -2025 ജൂൺ 01 മുതൽ ജൂലൈ 31 വരെ

(രണ്ടു ദിവസവും ഉൾപ്പെടെ 61 ദിവസം)

4) മൺസൂൺ കാലത്തെ ട്രോളിംഗ് മത്സ്യസമ്പത്തിന്റെ ശോഷണത്തിന് നല്ലൊരു പരിധിവരെ വഴി തെളിക്കുകയും മത്സ്യ പ്രജനനത്തെ പ്രതികൂലമായി ബാധിക്കുകയും ചെയ്യും. തെക്ക പടിഞ്ഞാറൻ മൺസൂൺ കാലത്ത് കഴിഞ്ഞ വർഷങ്ങളിൽ തുടർന്നു വരുന്ന രീതിയിൽ കേരളത്തിന്റെ അധികാര പരിധിയിൽ വരുന്ന 12 നോട്ടിക്കൽ മൈൽ വരെയുള്ള കടൽ പ്രദേശത്ത് 2025 ജൂൺ 10 മുതൽ 2025 ജൂലൈ 31 വരെ 52 ദിവസം ട്രോളിംഗ് നിരോധനം ഏർപ്പെടുത്തണമെന്ന് ഫിഷറീസ് ഡയറക്ടർ ശിപാർശ ചെയ്തു.

5) 28/05/2025-ന് വിവിധ ട്രേഡ് യൂണിയൻ പ്രതിനിധികളുമായും ഉദ്യോഗസ്ഥരുമായും ബഹു. ഫിഷറീസ് വകുപ്പ് മന്ത്രി നടത്തിയ യോഗത്തിൽ 2025 ജൂൺ 10 മുതൽ 2025 ജൂലൈ 31 വരെ (2025 ജൂൺ 9 അർദ്ധരാത്രി മുതൽ ജൂലൈ 31 അർദ്ധരാത്രി വരെ) 52 ദിവസം ട്രോളിംഗ് നിരോധനം ഏർപ്പെടുത്തുവാൻ തീരുമാനിക്കുകയുണ്ടായി.

6) കേരള തീരക്കടലിൽ 2025 ജൂൺ 10 മുതൽ ജൂലൈ 31 വരെ (ജൂൺ 9 അർദ്ധ രാത്രി മുതൽ ജൂലൈ 31 അർദ്ധ രാത്രി വരെ) രണ്ട് ദിവസവും ഉൾപ്പെടെ 52 ദിവസം ട്രോളിംഗ് നിരോധനം ഏർപ്പെടുത്തുന്നത് സംബന്ധിച്ച വിഷയം മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്കായി സമർപ്പിക്കുന്നതിന് ബഹു. മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

## തീരുമാനിക്കേണ്ട വിഷയം

കേരള തീരപ്രദേശത്തെ കടലിൽ 2025 ജൂൺ 10 മുതൽ 2025 ജൂലൈ 31 വരെ (ജൂൺ 9 അർദ്ധരാത്രി മുതൽ ജൂലൈ 31 അർദ്ധരാത്രി വരെ) രണ്ട ദിവസവും ഉൾപ്പെടെ 52 ദിവസം ട്രോളിംഗ് നിരോധനം ഏർപ്പെടുത്തിക്കൊണ്ട് വിജ്ഞാപനം പുറപ്പെടുവിക്കാമോ?